99 (623) ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെമ്മീൻ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് അഴിമുഖങ്ങളിലും കായലുകളിലും ഗുണമേന്മയേറിയ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിക്കനുസരിച്ച് ഉദ്ദേശം എത്ര ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇതിനുവേണ്ടി നാളിതുവരെ എന്തുതുക ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇങ്ങനെ അഴിമുഖങ്ങളിലും കായലോരങ്ങളിലും ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ ഫലമായി ചെമ്മീൻ ഉലപാദനം വർദ്ധിച്ചിട്ടുണ്ടോ;

(ഇ) ഈ പദ്ധതി കൂടുതൽ വ്യപകമാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 307.25 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 46 ലക്ഷം രൂപ

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കും.

100 (624) മത്സ്യവിത്തുക്കളുടെ ഉത്പാദനം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ ജയദേവൻ :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ മത്സ്യക്കൃഷി പദ്ധതിപ്രകാരം മത്സ്യവിത്ത് ഉത്പാദിപ്പിക്കുന്നതിനുള്ള എത്ര ഹാച്ചറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) പൊതുമേഖലയിൽ എത്ര; സ്വകാര്യമേഖലയിൽ എത്ര;

(സി) ഓരോ മേഖലയിലും ഏതെല്ലാം തലത്തിലുള്ള മത്സ്യവിത്തുകൾ ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) മത്സ്യം, കൊഞ്ച്, ചെമ്മീൻ എന്നിവയുടെ വിത്ത് ഉൽപ്പാദിപ്പിക്കുന്ന 66 മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ 99-2000 വർഷത്തിൽ ജനകീയ മത്സ്യക്കൃഷി പദ്ധതിപ്രകാരം കർഷകർ നേരിട്ട് മത്സ്യവിത്തുല്പാദനം നടത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly